# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in


## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 59/2021 (ചൊവ്വാഴ്ച)** **തീയ്യതി: 27.07.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 28.07.2021 | 29.07.2021 | 30.07.2021 | 31.07.2021 | 01.08.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 5 | 6 | 5 | 5 | 6 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 97 | 97 | 97 | 97 | 97 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 12 | 10 | 12 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 7 | 6 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യത . കൂടിയ താപനില 30°C വരെയും കുറഞ്ഞ താപനില 24°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: മഴ മറകളിലും പോളി ഹൗസുകളിലുമുള്ള അമിത ജലാംശം രോഗ സാധ്യത കൂട്ടുന്നതിനാൽ നിയന്ത്രിതമായ അളവിൽ നന തുടരുന്നതാണ് ഉചിതം.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| പയർ | മുഞ്ഞ | പയറിലെ മുഞ്ഞയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ്/ കമുക് | മഹാളി | അന്തരീക്ഷ ഈർപ്പം കൂടിയ സാഹചര്യമായതിനാൽ കമുകിലും തെങ്ങിലും മഹാളി രോഗം കാണാൻ സാധ്യതയുണ്ട്. അടയ്ക്കയുടെയും മച്ചിങ്ങയുടെയും തൊപ്പി ഭാഗത്തു നിന്ന് ചീഞ്ഞു വരുകയും അത് തൊപ്പി ഭാഗത്തു നിന്ന് വേർപെട്ടു അടർന്നു വീഴുകയും ചെയ്യുന്നു. ഇങ്ങനെ വീഴുന്ന അടക്കയുടെ അല്ലെങ്കിൽ |

| | | |
|---|---|---|
| | | മച്ചിങ്ങയുടെ ഉൾഭാഗം മുഴുവനായും ചീഞ്ഞിട്ടുണ്ടാകും. ഈ രോഗം തടയുന്നതിനായി കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്. |
| ജാതി | ഇലകൊഴിച്ചിൽ രോഗം | മഴക്കാലത്തു ജാതിയിൽ ഇലകൊഴിച്ചിൽ രോഗം വരൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. |
| ഇഞ്ചി | മൂട് ചീയൽ | ഇഞ്ചിയിൽ മൂട് ചീയൽ രോഗം കാണാൻ സാധ്യതയുണ്ട്. ഇഞ്ചിയുടെ തണ്ടിൽ മണ്ണിനോട് ചേർന്ന ഭാഗത്തു വെള്ളത്തിൽ കുതിർന്നതുപോലെയുള്ള ലക്ഷണം കാണാം. അത് പിന്നീട് മൃദുവാകുകയും ചിനപ്പുകളും കാണ്ഡങ്ങളും ചീഞ്ഞു പോകുകയും ചെയ്യുന്നു. ഈ രോഗം ശ്രദ്ധയിൽപ്പെട്ടാൽ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. |